"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് -നിർദ്ദിഷ്ട മലയോര ഹൈവേയിൽ കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന ആകെ 127.42 കി. മീ നീളമുള്ള നന്ദാരപദവ്-ചെറുപുഴ ഭാഗം വരെയുള്ളതും വനഭൂമിയിലൂടെ കടന്നു പോകുന്നതുമായ ഹൈവേയിൽ എടപ്പറമ്പ-കോളിച്ചാൽ വരെയുള്ള ഭാഗത്ത് നഷ്ടപ്പെടുന്ന 4.332 ഹെക്ടർ വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഇത്രയധികം ഭൂമി ലഭ്യമല്ലാത്തതിനാൽ കാസർഗോഡ് ജില്ല, വെള്ളരിക്കുണ്ട് താലൂക്ക്, ഭീമനടി വില്ലേജിലെ റീസർവ്വേ നം.553-ൽ പ്പെട്ട 4.332 ഹെക്ടർ റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി,വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എം) വകുപ്പ്

സ.ഉ.(കൈ) നം.308/2022/RD തീയതി,തിരുവനന്തപുരം, 30-12-2022

പരാമർശം:- 1. കാസർഗോഡ് ജില്ലാ കളക്ടറുടെ 04/02/2022--ലെ DCKSGD/7111/2021/C1 നമ്പർ കത്ത്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 26/02/2022 -ലെ എൽ.ആർ/5353/2021 -എൽ.ആർ-(കെ2) നമ്പർ കത്ത്.

<u>ഉത്തരവ്</u>

നിർദ്ദിഷ്ട മലയോര ഹൈവേയിൽ കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന ആകെ 127.42 കിലോ മീറ്റർ നീളമുള്ള നന്ദാരപദവ്-ചെറുപുഴ ഭാഗം വരെയുള്ളതും വനഭൂമിയിലൂടെ കടന്നു പോകുന്നതുമായ ഹൈവേയിൽ എടപ്പറമ്പ-കോളിച്ചാൽ വരെയുള്ള ഭാഗത്ത് നഷ്ടപ്പെടുന്ന 4.332 ഹെക്ടർ വനഭൂമിക്ക് പകരമായി പരിഹാരവനവത്കരണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഇത്രയധികം ഭൂമി ലഭ്യമല്ലാത്തതിനാൽ കാസർഗോഡ് ജില്ല, വെള്ളരിക്കുണ്ട് താലൂക്ക്, ഭീമനടി വില്ലേജിലെ റീസർവ്വേ നം. 553-ൽ പ്പെട്ട 4.332 ഹെക്ടർ റവന്യൂ ഭൂമി പരിഹാരവനവത്കരണത്തിനായി വനം വകുപ്പിന് സർവെ ചാർജ്ജ് മാത്രം ഈടാക്കി കൈമാറാവുന്നതാണെന്ന് പരാമർശം(2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2) Forest (Conservation) Act 1980, Forest Conservation Rules, 2003 എന്നിവയിന്മേൽ വ്യക്തത വരുത്തിക്കൊണ്ട് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി നല്കുന്ന ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യേണ്ടതാണ്. എന്നാൽ സേവന വകുപ്പുകൾ തമ്മിൽ കൈമാറ്റം ചെയ്യപ്പെടുന്ന എല്ലാ സർക്കാർ ഭൂമികളും കേരള ഭൂസംരക്ഷണ നിയമത്തിന്റെ പരിരക്ഷ ലഭിക്കും വിധം സർക്കാർ വക പുറമ്പോക്കാക്കി റവന്യൂ രേഖകളിൽ നിലനിർത്തേണ്ടതും 1966 ലെ പോക്കുവരവ് ചട്ടങ്ങളിലെ നടപടികൾ യാതൊരു കാരണവശാലും സ്വീകരിക്കാവുന്നതുമല്ല.

3) ഈ കേസിൽ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റവ്യവസ്ഥകൾ പ്രകാരമല്ല പരിഹാര വനവത്കരണത്തിനായി വനം വകുപ്പിന് ഭൂമി കൈമാറി നൽകേണ്ടത്. പകരം പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി നല്കുന്ന ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കുകയാണ് ചെയ്യേണ്ടത് എന്ന് കാണുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർദ്ദിഷ്ട മലയോര ഹൈവേയിൽ കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന ആകെ 127.42 കി . മീ നീളമുള്ള നന്ദാരപദവ്-ചെറുപുഴ ഭാഗം വരെയുള്ളതും വനഭൂമിയിലൂടെ കടന്നു പോകുന്നതുമായ ഹൈവേയിൽ എടപ്പറമ്പ-കോളിച്ചാൽ വരെയുള്ള ഭാഗത്ത് നഷ്ടപ്പെടുന്ന 4.332 ഹെക്ടർ വനഭൂമിക്ക് പകരമായി പരിഹാര വനവത്കരണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഇത്രയധികം ഭൂമി ലഭ്യമല്ലാത്തതിനാൽ കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജി റീസർവ്വേ നം. 553-ൽ പ്പെട്ട 4.332 ഹെക്ടർ റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
തഹസിൽദാർ, വെള്ളരിക്കുണ്ട് താലൂക്ക്.
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
വനം വകുപ്പ് ( FWLD-C2/35/2022-FWLD പ്രകാരം)
ധനകാര്യ വകുപ്പ് (24.08.2022 ലെ Exp.A1/427/2022-Fin പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (21.12.2022 ലെ ഇനം. 1273 പ്രകാരം )
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Kumari Sindhu S
Date: 31-12-2022 12:50:32
സെക്ഷൻ ഓഫീസർ

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-04-2024

ഫയൽ നം. 190/എം3/2021/റവ. ഇനം നം: 2143

വിഷയം : റവന്യൂ വകുപ്പ് - 30.12.2022-ലെ സ.ഉ.(കൈ).308/2022/റവ. നമ്പർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന സ്ഥാപനം 400 കെ.വി. Quad D/C Uduppi - Kasargod - Transmission line സ്ഥാപിക്കുന്നതിനുവേണ്ടി 17.073 H വനഭൂമി divert ചെയ്യുന്നതിനു പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽപെട്ട 17.073 ഹെക്ടർ റവന്യൂ ഭൂമി പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കു വരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

A/A
4:35 PM

2143

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 190/എം3/2021/റവ. |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | 30.12.2022 ലെ സ.ഉ (കൈ) 308/2022/റവ നമ്പർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന സ്ഥാപനം 400 കെ.വി Quad D/C Uduppi - Kasargod- Transmission line സ്ഥാപിക്കുന്നതിനുവേണ്ടി 17.073 H വനഭൂമി divert ചെയ്യുന്നതിനു പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ പെട്ട 17.073 ഹെക്ടർ റവന്യൂ ഭൂമി പരിഹാരവനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം(ownership) വനം വകുപ്പിന് കൈമാറി നല്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02.02.2024 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>(ഊർജ്ജ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ. ആർ.എൽ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 15.03.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു. വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.03.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.03.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02.04.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പരിഹാരവനവത്കരണത്തിനായി 4.332 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറി പുറപ്പെടുവിച്ച 30.12.2022-ലെ സ.ഉ(കൈ) 308/2022/റവ നമ്പർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് കാസർഗോഡ് ജില്ലയിൽ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന സ്ഥാപനം 400 കെ.വി Quad D/C Uduppi - Kasargod- Transmission line സ്ഥാപിക്കുന്നതിനുവേണ്ടി 17.073 H വനഭൂമി divert ചെയ്യുന്നതിനു പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസ നം 553-ൽ പെട്ട 17.073 ഹെക്ടർ റവന്യൂ ഭൂമി പരിഹാരവനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) കാസർഗോഡ് ജില്ലയിൽ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 400 കെ.വി Quad D/C Uduppi - Kasargod- Transmission line സ്ഥാപിക്കുന്നതിനുവേണ്ടി 17.073 H വനഭൂമി divert ചെയ്യുന്നതിനു പകരം പരിഹാരവനവത്കരണം നടത്തുന്നതിനായി കമ്മാടം കാവിലെ 22.17 ഹെക്ടർ റവന്യൂ ഭൂമി വനം വകുപ്പിന് നൽകണമെന്ന കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അപേക്ഷയിന്മേൽ കാസർഗോഡ് ജില്ലാ കളക്ടർ സ്പഷ്ടീകരണം ആരാഞ്ഞിരുന്നു. ഈ വിഷയത്തിൽ വനം വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. വനം വകുപ്പ്, 28/10/21 ലെ C3/240/2021 - F & WLD നം കത്ത് പ്രകാരം, 400 കെ.വി Quad D/C Uduppi - Kasargod- Transmission line സ്ഥാപിക്കുന്നതിനുവേണ്ടി 17.073 H വനഭൂമി UKTL ന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനയച്ചതായും, ടി ഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി കമ്മാടംകാവിലെ 22.17 ഹെക്ടർ റവന്യൂ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളതെന്നും അറിയിച്ചിരുന്നു. എന്നാൽ മലയോര ഹൈവേ, കുതിരാൻ ടണൽ എന്നീ പ്രോജക്ടുകൾക്ക് വേണ്ടി ഉപയോഗിക്കുന്ന വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിന് ഭൂമി ലഭ്യമാക്കിയ ശേഷം 16.4062 ഹെക്ടർ ഭൂമി മാത്രമേ കമ്മാടംകാവിൽ ബാക്കിയുള്ളൂ എന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3) തുടർന്ന്, കാസർഗോഡ് ജില്ലയിൽ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 400 കെ.വി Quad D/C Uduppi-Kasargod Transmission line സ്ഥാപിക്കുന്നതിനുവേണ്ടി 17.073 H വനഭൂമി divert ചെയ്യുന്നതിനു പകരം പരിഹാര വനവത്കരണം നടത്തുന്നതിന് റവന്യൂ ഭൂമി വനം വകുപ്പിന് കൈമാറണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്നും ടി ആവശ്യത്തിലേക്കായി കൈമാറുന്ന റവന്യൂ ഭൂമിയുടെ കമ്പോള വില ഈടാക്കുന്നത് സംബന്ധിച്ച് ടി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്നും ഊർജ്ജ വകുപ്പിനോട് ആരാഞ്ഞിരുന്നു.

4) ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

"ഉഡുപ്പി കാസർഗോഡ് 400 കെ.വി. ട്രാൻസ്മിഷൻ ലൈൻ നിർമ്മിക്കുന്നത് സംബന്ധിച്ച് UKTL മായി കേന്ദ്ര ഊർജ്ജ മന്ത്രാലയവുമാണ് കരാർ സംബന്ധിച്ച കാര്യങ്ങൾ നടത്തിയിട്ടുള്ളതെന്നും

ഇത് സംബന്ധിച്ച വിവരമൊന്നും തങ്ങളുടെ പക്കൽ ലഭ്യമല്ലെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. കരാറിന്റെ പകർപ്പ് 'ആവശ്യപ്പെട്ട് കൊണ്ട് UKTL -ന് കത്ത് നൽകിയിരുന്നുവെങ്കിലും ആയത് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഊർജ്ജ വകുപ്പിന് ഈ വിഷയത്തിൽ പ്രത്യേകിച്ച് അഭിപ്രായം നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

റവന്യൂ വകുപ്പിന് ഇക്കാര്യത്തിൽ വനം വന്യജീവി വകുപ്പുമായി ആശയവിനിമയം നടത്തി (16.12.2023-ന് ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ പ്രൈവറ്റ് സെക്രട്ടറി വിളിച്ച് ചേർത്ത യോഗത്തിലെ ധാരണ പ്രകാരം) തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അറിയിക്കുന്നു."

5)30/12/2022-ലെ സ.ഉ(കൈ)308/2022/റവ ,09/12/2022 ലെ സ.ഉ(കൈ)നം.291/2022/റവ എന്നിവ പ്രകാരം മലയോര ഹൈവേ നിർമ്മാണം, എൻ.എച്ച് 544-കുതിരാൻ ടണൽ നിർമ്മാണം എന്നിവയുടെ പരിഹാര വനവൽക്കരണത്തിനായി കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റിസ 553 ൽ കമ്മാടം കാവിലെ യഥാക്രമം 4.332 ഹെക്ടർ, 1.4318 ഹെക്ടർ ഭൂമി വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി കൈമാറി നൽകി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

6) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന വനഭൂമിക്ക് പകരമായി പരിഹാരവനവത്കരണത്തിനായി 30.12.2022 ലെ സ.ഉ(കൈ)നം.308/2022/ആർഡി പ്രകാരം വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്ത് കൈ മാറിയ ഭൂമി സംസ്ഥാന വനംവകുപ്പ് 18/9/2023-ലെ C3/314/2023-FWLD നമ്പർ കത്ത് പ്രകാരം 07/10/23 ൽ പരിവേഷ് പോർട്ടലിൽ upload ചെയ്തിരുന്നു. എന്നാൽ Uduppi Kasargod Transmission line നു വേണ്ടി പ്രൊപ്പോസ് ചെയ്ത 17.073 ഹെക്ടർ ഭൂമിയെ overlap ചെയ്താണ് മലയോര ഹൈവേയ്ക്ക് വേണ്ടി Compensatory Afforestation ചെയ്യുന്നതിന് പ്രൊപ്പോസ് ചെയ്തത് എന്ന് ഇന്റഗ്രേറ്റഡ് റീജിയണൽ ഓഫീസ് (IRO) ബാംഗ്ലൂർ, കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം (MoEF&CC), ഗവൺമെന്റ് ഓഫ് ഇൻഡ്യ (GOI) അറിയിച്ചിരുന്നു. രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വനഭൂമി പരിവർത്തനം ചെയ്യേണ്ടി വരുമ്പോൾ ടി പ്രോജക്ടുകളുടെ പരിഹാരവനവൽക്കരണത്തിനായി പ്രൊപ്പോസ് ചെയ്യേണ്ട ഭൂമി വിഭിന്നവും ഓവർലാപ്പിംഗില്ലാത്തതുമാകേണ്ടതിനാൽ, രണ്ട് പ്രോജക്ടുകളുടേയും പരിഹാരവനവൽക്കരണത്തിനായി പ്രൊപ്പോസ് ചെയ്തിട്ടുള്ള ഭൂമി ഓവർലാപ്പ് ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ രണ്ട് പ്രോജക്ടുകൾക്കും MoEFF&CC, GOI /യുടെ ക്ലിയറൻസ് സാധ്യമാവുകയുള്ളൂ. ട്രാൻസ്മിഷൻ ലൈൻ പോജക്ടിനുള്ള CA യ്ക്ക് വേണ്ടി സമർപ്പിച്ച പ്രൊപ്പോസലിന് Stage I അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ അംഗീകരിച്ച് കഴിഞ്ഞ പ്രസ്തുത പ്രൊപ്പോസലിന് മാറ്റം വരുത്താൻ സാധിക്കില്ലെന്നും ആയതിനാൽ മലയോര ഹൈവേയുടെ പരിഹാരവനവൽക്കരണത്തിനായി മറ്റേതെങ്കിലും ഭൂമി പ്രൊപ്പോസ് ചെയ്യണമെന്നും കേന്ദ്ര സർക്കാരിന്റെ കത്തിൽ നിർദ്ദേശിച്ചിരുന്നു.

7) Transmission line പ്രോജക്ടിനു വേണ്ടി 17.073 ഹെക്ടർ വനഭൂമി divert ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി 28/10/2021 തീയതിയിലെ C3/240/2021/F&WLD നമ്പർ കത്ത് പ്രകാരം സംസ്ഥാന വനംവകുപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിൽ പ്രൊപ്പോണന്റ് (UKTL) പരിഹാര

വനവൽക്കരണത്തിനായി കമ്മാടം കാവിലെ 17.073 ഹെക്ടർ ഭൂമി നിർദ്ദേശിച്ചിട്ടുള്ളത് റവന്യൂ വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെയാണ്. പ്രപ്പോണന്റ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട സൂക്ഷ്മ പരിശോധന നടത്താതെ പ്രസ്തുത ഭൂമി പരിഹാരവനവൽക്കരണത്തിനായി പ്രൊപ്പോസ് ചെയ്തതാണ് മലയോരഹൈവേ പ്രോജക്ടിനും ഉടുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലൈൻ പ്രോജക്ടിനും പരിഹാരവനവൽക്കരണത്തിനായി പ്രൊപ്പോസ് ചെയ്ത സ്ഥലങ്ങൾ തമ്മിൽ ഓവർലാപ്പ് ചെയ്യാൻ കാരണമായത്. കാസർഗോഡ് ജില്ലയിൽ ഭീമനടി വില്ലേജിൽ കമ്മാടം കാവിലുള്ള 22.17 ഹെക്ടർ ഭൂമിയിൽ നിന്നും 4.332 ഹെക്ടർ ഭൂമി മലയോരഹൈവേ പ്രോജക്ടിനും 1.4318 ഹെക്ടർ ഭൂമി കതിരാൻ ടണൽ പ്രോജക്ടിനും വേണ്ടി പരിഹാരവനവൽക്കരണത്തിനായി അനുവദിച്ചിട്ടുള്ളതാണ്. കാസർഗോഡ് ജില്ലയിൽ ഭീമനടി വില്ലേജിൽ കമ്മാടം കാവിൽ അവശേഷിക്കുന്നത് 16.41 ഹെക്ടർ ഭൂമിയും, എന്നാൽ റവന്യൂ വകുപ്പിന്റെ അനുമതിയില്ലാതെ ട്രാൻസ്മിഷൻ ലൈൻ പ്രൊജക്ടിനായി UKTL പ്രൊപ്പോസ് ചെയ്തത് കാസർഗോഡ് ജില്ലയിൽ ഭീമനടി വില്ലേജിൽ കമ്മാടം കാവിലെ 17.073 ഹെക്ടർ ഭൂമിയുമാണ്. ഇത് രണ്ട് പ്രോജക്ടുകളുടെ പരിഹാരവനത്കരണത്തിനായി പ്രൊപ്പോസ് ചെയ്ത സ്ഥലങ്ങൾ തമ്മിൽ ഓവർലാപ്പ് ചെയ്യാൻ ഇടയാക്കിയിട്ടുള്ളതും ആയത് പരിഹരിക്കപ്പെടേണ്ടതുമാണ്.

8) വനാതിർത്തിയിൽ ഒരു ബഫർസോൺ സൃഷ്ടിക്കുന്നതിനായി റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാമിന് കീഴിൽ സംസ്ഥാന വനം വകുപ്പ് കേരളത്തിലുടനീളം 100 ഏക്കറിലധികം ഭൂമി ഏറ്റെടുത്തിട്ടുള്ളതും ആയതിൽ നിന്നും വികസന പദ്ധതികൾക്കു വേണ്ടി പരിവർത്തനം ചെയ്യുന്ന വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി ഭൂമി നീക്കി വയ്ക്കുവാൻ കഴിയുന്നതുമാണ്. പ്രസ്തുത ഭൂമി പരിഹാര വനവത്കരണത്തിനായി നീക്കിവയ്ക്കുമ്പോൾ ബഫർ സോൺ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യം നടപ്പിലാകുന്നതുമാണ്. അതിനാൽ മലയോര ഹൈവേ പ്രോജക്ടിനുള്ള പരിഹാരവനവത്കരണത്തിനായി ഭൂമി നീക്കിവച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് റദ്ദു ചെയ്ത് പ്രസ്തുത ഭൂമി ഉടുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലൈൻ പ്രോജക്ടിനുള്ള പരിഹാരവനവത്കരണത്തിനായി അനുവദിക്കാവുന്നതാണെന്നും പകരം മലയോര ഹൈവേ പ്രോജക്ടിനുള്ള പരിഹാര വനവത്കരണത്തിനായി RKDP ക്ക് കീഴിൽ രൂപപ്പെടുത്തിയ ലാൻഡ് ബാങ്കിൽ നിന്നുള്ള ഭൂമി പ്രൊപ്പോസ് ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു.

9)മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി :

1. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന 4.332 ഹെക്ടർ വനഭൂമിക്ക് പകരമായി പരിഹാര വനവത്കരണത്തിനായി കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസ.നം. 553 ൽ പ്പെട്ട 4.332 ഹെക്ടർ റവന്യൂ ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറിക്കൊണ്ട് മന്ത്രിസഭായോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ (കൈ) നം. 308/2022/റവ തീയതി 30/12/22 നം സർക്കാർ ഉത്തരവ് IRO Bangalore , MoEF&CC,GOI നിർദ്ദേശിച്ച പ്രകാരം റദ്ദ് ചെയ്യാമോ? ടി ഭൂമി ഉൾപ്പെടെ 17.073 ഹെക്ടർ ഭൂമി കാസർഗോഡ് ജില്ലയിൽ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് 400 KV D/C Uduppi – Kasargod – Transmission

Line സ്ഥാപിക്കുന്നതിനു വേണ്ടി ഡൈവർട്ട് ചെയ്യുന്ന 17.073 ഹെക്ടർ വനഭൂമിക്കു പകരം പരിഹാരവനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറി നൽകാമോ ?

2. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന 4.332 ഹെക്ടർ വനഭൂമിക്ക് പകരം പരിഹാരവനവത്കരണത്തിനായി റീബിൽഡ് കേരള ഡവലപ്പ്മെന്റ് പ്രോഗ്രാമിന് കീഴിൽ ഏറ്റെടുത്ത ഭൂമിയിൽ നിന്നും അനുയോജ്യമായ ഭൂമി കണ്ടെത്താൻ സംസ്ഥാന വനം വകുപ്പിന് നിർദ്ദേശം നല്കാമോ?

10) വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

1. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന 4.332 ഹെക്ടർ വനഭൂമിക്ക് പകരമായി പരിഹാര വനവത്കരണത്തിനായി കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീ.സ.നം. 553 ൽ പ്പെട്ട 4.332 ഹെക്ടർ റവന്യൂ ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറിക്കൊണ്ട് മന്ത്രിസഭായോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ (കൈ) നം. 308/2022/റവ തീയതി 30/12/22 നം സർക്കാർ ഉത്തരവ് റദ്ദ് ചെയ്യാമോ?
2. ടി 4.332 ഹെക്ടർ ഭൂമി ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ കമ്മാടംകാവിലെ 17.073 ഹെക്ടർ ഭൂമി കാസർഗോഡ് ജില്ലയിൽ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് 400 KV D/C Uduppi – Kasargod – Transmission Line സ്ഥാപിക്കുന്നതിനു വേണ്ടി ഡൈവർട്ട് ചെയ്യുന്ന 17.073 ഹെക്ടർ വനഭൂമിക്കു പകരം പരിഹാരവനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കായി ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറി നൽകാമോ ?
3. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നഷ്ടമാകുന്ന 4.332 ഹെക്ടർ വനഭൂമിക്ക് പകരം പരിഹാരവനവത്കരണത്തിനായി റീബിൽഡ് കേരള ഡവലപ്പ്മെന്റ് പ്രോഗ്രാമിന് കീഴിൽ ഏറ്റെടുത്തു രൂപപ്പെടുത്തിയ ലാൻഡ് ബാങ്കിൽ നിന്നും അനുയോജ്യമായ ഭൂമി കണ്ടെത്തുവാൻ കാസർഗോഡ് ജില്ലാ കളക്ടർക്കും സംസ്ഥാന വനംവകുപ്പിനും നിർദ്ദേശം നൽകാമോ?